പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.836** **30.11.2018 -ലെ മറുപടിക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച രണ്ട് കോളനികളുടെ നവീകരണ പ്രവൃത്തി ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിൽ നിന്നും അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം മാടക്കാം പൊയിൽ, കാരന്താട് എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. മാടക്കാം പൊയിൽ കോളനിയുടെ എസ്റ്റിമേറ്റ് 14.11.2018-ന് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ ന്യൂനതയുള്ളതിനാൽ അംഗീകരിച്ചു നൽകിയിട്ടില്ലാത്തതാണ്. ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.<br>കാരന്താട് പട്ടികജാതി കോളനിയിലെ എസ്റ്റിമേറ്റ് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. കോളനിയിലെ കുടിവെള്ള വിതരണത്തിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നിർവ്വഹണ ഏജൻസിക്ക് നൽകുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ബി) | മാടക്കാം പൊയിൽ കോളനിയുടെ എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിച്ച് ഏജൻസി ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും പ്രവൃത്തി ആരംഭിക്കുന്നതുമാണ്.<br>കാരന്താട് കോളനിയുടെ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ